# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ: 0481-2733370

## വാർത്താക്കുറിപ്പ്

**2024 ഫെബ്രുവരി 8**

---

## ഡോ. റിച്ചാർഡ് ഫെയ്ൻമാൻ ചെയർ; ഡോ. റോബർട്ട് ബ്രുവെൽ ചുമതലയേറ്റു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ. റിച്ചാർഡ് ഫിലിപ്സ് ഫെയ്ൻമാൻ ചെയറിൻറെ ചെയർ പ്രഫസറായി ജർമനയിൽനിന്നുള്ള ഡോ. റോബർട്ട് ബ്രുവെൽ ചുമതലയേറ്റു. ഓൺലൈനിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷനായിരുന്നു.

ജർമനിയിലെ ഡാംസ്റ്റാറ്റ് ഫ്രോൺഹോഫർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്ട്രക്ചറൽ ഡ്യൂറബിലിറ്റി ആൻറ് സിസ്റ്റം റിലയബിലിറ്റിയിലെ മെറ്റീരിയൽ അനലിറ്റിക്സ് ആൻറ് കാരക്ടറൈസേഷൻ വിഭാഗം മേധാവിയാണ് ഡോ. റോബർട്ട് ബ്രുവെൽ.

മാക്രോ മോളിക്കുലാർ കെമിസ്ട്രിയിൽ നിർണായക സംഭാവനകൾ നൽകിയിട്ടുള്ള ഇദ്ദേഹം ഡാംസ്റ്റാറ്റ് ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലും വില്യം ബ്യൂക്നർ യൂണിവേഴ്സിറ്റി ഓഫ് അപ്ലൈഡ് സയൻസിലും അധ്യാപകനും ബാങ്കോക്കിലെ കാസെറ്റ്സാർട്ട് സർവകലാശാലയിൽ വിസിറ്റിംഗ് പ്രഫസറുമായിരുന്നു.

രാജ്യാന്തര പഠന ഗവേഷണ പ്രവർത്തനങ്ങളിൽ മഹാത്മാ ഗാന്ധി സർവകലാശാലാ മുൻ വൈസ് ചാൻസലറും സർവകലാശാലയിലെ ഇൻറർനാഷണൽ ആൻ്റ് ഇൻ്റർ യൂണിവേഴ്സിറ്റി സെൻ്റർ ഫോർ നാനോസയൻസ് ആൻ്റ് നാനോ ടെക്നോളജി ഡയറക്ടറുമായ പ്രഫ. സാബു തോമസുമായി സഹകരിച്ചു പ്രവർത്തിക്കുന്നു. ചടങ്ങിൽ ഡോ. റോബർട്ട് ബ്രുവെൽ പ്രഭാഷണം നടത്തി. വിവിധ രാജ്യങ്ങളിൽനിന്നായി നൂറിലേറെപ്പേർ പങ്കെടുത്തു.

നാനോസയൻസ്, നാനോ ടെക്നോളജി മേഖലകളിൽ പഠനവും ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായാണ് നാനോ ടെക്നോളജിയുടെ പിതാവും ഭൗതികശാസ്ത്രത്തിലെ നൊബേൽ സമ്മാന ജേതാവുമായ ഡോ. റിച്ചാർഡ് ഫിലിപ്സ് ഫെയ്ൻമാൻ്റെ പേരിൽ എം.ജി. സർവകലാശാലയിൽ ചെയർ ആരംഭിച്ചത്.

(പി.ആർ.ഒ/39/140/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

മാർച്ച് അഞ്ചിന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.പി.ഇ.എസ്(ദ്വിവത്സര പ്രോഗ്രാം - 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും, 2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾക്ക് ഫെബ്രുവരി 15 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ഫെബ്രുവരി 16ന് ഫൈനോടു കൂടിയും 17ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/141/2024)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ് - ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് മെഷീൻ ലേണിംഗ്(പുതിയ സ്കീം - 2020 അഡ്മിഷൻ റഗുലർ - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 15 മുതൽ തൃക്കാക്കര ഭാരത് മാതാ കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.....................

മൂന്നാം സെമസ്റ്റർ ഐ.എഡ് സ്പെഷ്യൽ എജ്യുക്കേഷൻ-ഇൻറലക്ച്വൽ ഡിസെബിലിറ്റി(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 12ന് മൂവാറ്റുപുഴ നിർമല സദൻ ട്രെയിനിംഗ് കോളജ് ഫോർ സ്പെഷ്യൽ എജ്യുക്കേഷനിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/142/2024)

## പരീക്ഷാ ഫലം

കഴിഞ്ഞ വർഷം ജൂലൈയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.വോക് വിഷ്വൽ മീഡിയ ആൻറ് ഫിലിം മേക്കിംഗ്(2021 അഡ്മിഷൻ റഗുലർ - പുതിയ സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 22 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/143/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**